

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol.20 No.10 Newsletter October 2022



''ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ
തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക'' (വെളി. 3:11)

# Annual Gospel Convention



# CHURCH VOICE

20th year of publication

OCTOBER 2022



EDITORIAL BOARD

EDITOR

Mrs. Valsa D. S.

SUB EDITOR

Er. Ceragil Austin Prince

MEMBERS

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A
Dr. Oliver Robertson G.
Dr. Thilaga Samson



ADDRESS

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada. Ph: 9447059891


## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**Letter from Presbyter**



# പ്ലാറ്റിനം ജൂബിലി വരെ

**Rev. Dr. L.E. Sahanam**

ദക്ഷിണേന്ത്യാ സഭയുടെ (CSI) 75-ാം വാർഷികം അധികം ആരവങ്ങളില്ലാതെ സെപ്തംബർ 27-ാം തീയതി കടന്നുപോയി. ഈ സഭയ്ക്ക് എന്തുപറ്റിയെന്ന് ഇന്ന് പലരും ചോദിക്കാറുണ്ട്. ഏറെ ചോദ്യങ്ങളുയർത്തുന്നത് അതിന്റെ ഭരണക്രമത്തെക്കുറിച്ചും ബിഷപ്പിന്റെ പദവിയെ ചുറ്റിപ്പറ്റിയുമാണ്. ഈ പശ്ചാത്തലത്തിൽ ഈ സഭാ രൂപവത്കരണത്തെക്കുറിച്ചും സഭയുടെ ചില അടിസ്ഥാന പ്രമാണ ങ്ങളെക്കുറിച്ചും സാധാരണ വിശ്വാസികൾക്കു മനസ്സിലാകുന്ന രീതിയിൽ പ്രതിപാദിക്കുന്നതിന് ശ്രമിക്കുകയാണ് ഈ ലേഖന പരമ്പരയിൽ. ഒരല്പം പശ്ചാത്തലം നവീകരണ കാലത്തോടുകൂടി (ref-ormation) ആരംഭിക്കാം. പൊതുവെ പറഞ്ഞാൽ പോപ്പിന്റെ അധികാര ത്തെയും അന്നത്തെ റോമൻ കത്തോലിക്കാസഭയിൽ വളർന്നു വന്ന ക്രൈസ്തവമല്ലാത്ത പല ആചാരങ്ങളെയും ചോദ്യം ചെയ്തുകൊണ്ട് ഏതാണ്ട് 16-ാം നൂറ്റാണ്ടു മുതൽ പാശ്ചാത്യലോകത്ത് ആരംഭിച്ച ഒരു ശുദ്ധീകരണ പ്രക്രിയയായിരുന്നു നവീകരണ പ്രസ്ഥാനം. കത്തോ ലിക്കാസഭയിലെ ഒരു പുരോഹിതനായിരുന്ന റവ. മാർട്ടിൻ ലൂഥറാണ് (1485-1546) നവീകരണനായകൻ എന്നറിയപ്പെട്ടിരുന്ന തെങ്കിലും അതിനു വളരെ മുമ്പുതന്നെ നവീകരണ ചിന്തകൾ സഭയിൽ ഉടലെടുത്തു തുടങ്ങിയിരുന്നു. ഫ്രാൻസിസ് ഓഫ് അസീസി (Francis of Assissi) ജോൺ ഹസ്സ് (John Hus) ജോൺ വിക്ലിഫ് (John Wycliff) ഫിലിപ്പ് മെലാംഗ്ടൺ (Philip Melanchthon) എന്നിവരാണ് അത്തരം ചോദ്യങ്ങൾ ഉയർത്തിയവരിൽ പ്രമുഖർ.

പോപ്പ് ലിയോ 10-ാമൻ സഭാ പിതാവായിരുന്ന കാലത്ത് 1517 ഒക്ടോബർ 31-ന് മാർട്ടിൻ ലൂഥർ ജർമ്മനിയിലെ വിറ്റൻബർഗ്ഗിലെ ദേവാലയത്തിന്റെ പ്രധാന കവാടത്തിൽ സഭയിൽ നവീകരണം ആവശ്യപ്പെടുന്ന 95 കാര്യങ്ങൾ (95 thesis) പതിപ്പിക്കുന്നതിലൂടെയാണ് നവീകരണപ്രസ്ഥാനത്തിനു തുടക്കം കുറിക്കുന്നത്. പാപമോചനം നല്കുന്നതിന് പോപ്പിന് അധികാരമില്ല, പാപമോചനചീട്ട്

വാങ്ങുന്നതിലൂടെ പൂർവ്വികരുടെ പാപം ക്ഷമിക്കപ്പെടുകയില്ല. പാപമോചനചീട്ടിന്റെ വില്പനയിലൂടെ റോമിലെ പത്രോസിന്റെ ദേവാലയ പുനർ നിർമാണത്തിന് ധനം സ്വരൂപിക്കുന്നത് തെറ്റ്, പാപ മോചനചീട്ടിന്റെ വില്പനയിലൂടെ ക്രിസ്തുവിലൂടെയുള്ള രക്ഷയെ ക്കുറിച്ച് ജനങ്ങൾക്ക് തെറ്റായ ഉറപ്പു നൽകുന്നു, പോപ്പിനെ ചുറ്റിപ്പറ്റി യുള്ള പണ്ഡിതന്മാരുടെ അഭിപ്രായത്തിനു മുകളിലാണ് പ്രായോഗിക ജീവിതത്തിൽ വേദപുസ്തകത്തിനുള്ള സ്ഥാനം.... ഇങ്ങനെ പോകുന്നു 95 തീസിസിലൂടെ ലൂഥർ ചർച്ചക്കായി മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ.

ലൂഥർ ഉയർത്തിയ ചോദ്യങ്ങൾക്ക് ചർച്ച ചെയ്യുന്നതിനു പകരം 1521 ജനുവരിയിൽ പോപ് ലിയോ 10-ാമൻ അദ്ദേഹത്തെ സഭയിൽ നിന്നു പുറത്താക്കി. തുടർന്ന് ഏതാണ്ട് അരനൂറ്റാണ്ടുകാലം യൂറോപ്പിന്റെ പലഭാഗങ്ങളിലും സഭക്കകത്തും പുറത്തും ഈ വിഷയങ്ങൾ ചർച്ച ചെയ്തു തുടങ്ങി. അത്തരം ചർച്ചകൾക്കു നേതൃത്വം കൊടുത്ത പലരും സെമിനാരി വിദ്യാഭ്യാസം നേടിവരും സഭാപുരോഹിതന്മാരുമായിരുന്നു. ഫ്രാൻസിൽ ജനിച്ച് ജനീവയിൽ പ്രവർത്തിച്ചിരുന്ന ജോൺ കാൽവിൻ (1505-1564) (നവീകരണ വേദശാസ്ത്രത്തിന്റെ ആധികാരിക ഉപജ്ഞാതാവ്) സ്വിറ്റ്സർലാന്റിലെ ഉൾറിച്ച് സ്വിംഗ്ലി (1484-1531) (കോൺഗ്രിഗേഷണൽ തിയോളജിയുടെ പ്രധാന വക്താവ്) സ്കോട്ട്ലാന്റിലെ ജോൺ നോക്സ് (1513-1572) ഇംഗ്ലണ്ടിലെ രാജാവ് ഹെൻട്രി 8-ാ മൻ (വേദശാസ്ത്രജ്ഞനല്ലെങ്കിലും ഇംഗ്ലണ്ടിൽ സഭയുടെ നവീകരണത്തിനു നേതൃത്വം നൽകിയ ഭരണകർത്താവ്) ഇവരൊക്കെ വളരെ ശക്തമായി നവീകരണ ആശയങ്ങൾ പ്രചരിപ്പിച്ചുതുടങ്ങി. അതുവരെയും റോമസഭയുടെ അധീനതയിലായിരുന്ന വേദപുസ്ത കവും അവരുടെ പണ്ഡിതന്മാർ നൽകിയ വ്യാഖ്യാനങ്ങളും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. വിവിധ ഭാഷകളിൽ വേദപുസ്തകം പരിഭാഷ പ്പെടുത്തി തുടങ്ങി. അച്ചടി യന്ത്രത്തിന്റെ ആവിർഭാവം വേദപുസ്തകം ജനങ്ങളിലെത്തിക്കുന്നതിനും നവീകരണ ആശയങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിനും മുഖാന്തരമായി.

സഭാ നവീകരണത്തിന്റെ ഭാഗമായി മാർട്ടിൻ ലൂഥർ ആവർത്തിച്ച് ഉറപ്പിച്ചതും തുടർന്ന് രൂപപ്പെട്ട പ്രൊട്ടസ്റ്റന്റ് സഭകൾ ഏറ്റെടുത്തതുമായ 5 പ്രമാണങ്ങൾ ഉണ്ട്. ഇവ 'ഫൈവ് സോളാസ്' എന്ന് അറിയപ്പെട്ടി രുന്നു. 1) സോള സ്ക്രിപ്ച്ചുറ **(Sola Scriptura)** (വേദപുസ്തകം മാത്രം) മനുഷ്യന്റെ രക്ഷക്കാവശ്യമുള്ള എല്ലാ വസ്തുതകളും വേദപുസ്തക

ത്തിൽ അടങ്ങിയിട്ടുണ്ട്. അതിനാൽ മനുഷ്യനുമേൽ പൂർണ്ണ അധികാരം വേദപുസ്തകത്തിനുമാത്രം (പോപ്പിനല്ല). (2) സോള ഫിഡാ **(Sola fide:** വിശ്വാസം മാത്രം). വിശ്വാസത്താൽ മാത്രമാണ് നീതീകരണവും രക്ഷയും ലഭിക്കുന്നത് **(Sola gratia)** (പാപമോചനചീട്ടിലൂടെയല്ല). (3) സോളഗ്രേഷ്യാ (Sola gratia) (Grace alone: കൃപമാത്രം) മനുഷ്യരക്ഷ ലഭിക്കുന്നത് ദൈവം സൗജന്യമായി ദാനം ചെയ്യുന്ന കൃപയിലൂടെ മാത്രമാണ് (എഫെ. 2:8,9). (4) സോളക്രിസ്റ്റോ (Sola Christo: ക്രിസ്തുമാത്രം) മനുഷ്യന് രക്ഷ ലക്ഷിക്കുന്നത് യേശു ക്രിസ്തുവിലൂടെ മാത്രം (യോഹ. 14:6). യേശുവിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. 5 സോളി ഡേവു ഗ്ലോറിയ (Soli Deo gloria): മഹത്വം ദൈവത്തിനു മാത്രം (പോപ്പിനല്ല). സൃഷ്ടി, രക്ഷ, ക്രിസ്തീയ ജീവിതം തുടങ്ങി സർവ്വതും ദൈവമഹത്വത്തിനുമാത്രം.

ഈ പ്രമാണങ്ങൾക്ക് അന്ന് നിലവിലിരുന്ന സഭയ്ക്കുള്ളിൽ വലിയ സ്ഥാനമില്ലാതിരുന്നതുകൊണ്ട് ഇവ മുറുകെ പിടിച്ചവരെ സഭ പുറത്താക്കുകയോ സ്വമേധയാ പുറത്തു പോവുകയോ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ യൂറോപ്പിലുടനീളം പുതിയ സഭാവിഭാഗ ങ്ങൾ രൂപംകൊണ്ടു. ജർമ്മനിയിൽ ലൂഥറിന്റെ കാലശേഷം അദ്ദേഹ ത്തിന്റെ ആശയങ്ങൾ മുറുകെപ്പിടിച്ചവർ ലൂഥറൻ സഭകൾക്ക് രൂപം നൽകി. ഇംഗ്ലണ്ടിൽ സഭ ഏതാണ്ട് മുഴുവനായി ഹെൻട്രി 8-ാമന്റെ അധികാരം കൂടെ ഉപയോഗിച്ച് ചർച്ച് ഓഫ് ഇംഗ്ലണ്ടായി രൂപം പ്രാപിച്ചു മറ്റു യൂറോപ്യൻ രാജ്യങ്ങളിലും വിവിധ സഭാ വിഭാഗങ്ങൾ രൂപപ്പെട്ടു.

*(അവയെക്കുറിച്ച് അടുത്ത ലക്കത്തിൽ)*

## പ്രതിസന്ധികൾക്ക് പിന്നിൽ

വടക്കേ ഇന്ത്യയിലെ ഒരു ഗ്രാമത്തിൽ ഇല കൊഴിഞ്ഞു നിൽക്കുന്ന ഒരു വടവൃക്ഷമുണ്ട്. ഒരിക്കലും കായ്ക്കത്തില്ല എന്നു വിചാരിച്ചിരുന്നപ്പോൾ ഒരു ദിവസം ഗ്രാമവാസികൾ കണ്ടത് അത് പെട്ടെന്ന് പൂവിടാൻ തുടങ്ങിയതാണ് കാരണം എന്താണ് എന്നറി യില്ല. വെട്ടിക്കളയണം എന്ന് വിചാരിച്ചുകൊണ്ടിരുന്നപ്പോൾ തളിർത്തു. ഇടിമിന്നൽ പോലെയുള്ള ഷോക്കുകൾ ഏറ്റതായിരിക്കാം കാരണം. പക്ഷേ ഒരു പ്രതിസന്ധിക്കും അവസാനമില്ല. ഓടിയോ ളിച്ചാൽ അത് അവസാനമാകും. ഓടിയോളിക്കാൻ വേണ്ടി ദൈവം ആരെയും സൃഷ്ടിച്ചിട്ടില്ല.



# REPORT OF ACTIVITIES

**Er. Premdas Justus**

Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the month of September 2022.

The worship services were conducted on all Sundays at 9 AM. Sermons were delivered by Rev. Dr. Malhia Joshua, Rev. Reynold Isaiah, Er. Premdas Justus and Er. Thomas Alexander.

Fasting prayer was conducted on the second Saturday, 10th September 2022 at 10:00am. Worship and songs were led by CEYF and Sermon was delivered by Mr. Benjamin Moses.

We conducted our Annual Gospel Convention from 23rd to 25th September 2022. Er. Thomas Alexander was the main speaker. Songs were led by our Church Choir. I take this opportunity to thank all the people who worked behind the success of our convention.

We were cordially invited for the 100th Anniversary of CSI Church Perayam. The celebrations were inaugurated by our Church member, Mr. Sen Edwin. Our CEYF organized a medical camp and the Church choir conducted a concert on 11th September 2022. Adv. Sarjine Thomas was the speaker for the convention. A session for youngsters was led by Dr. Leena T. L.

SCF Sunday was observed on 18th September 2022. Worship service was led by our senior citizens.

Action council & MMCCF Management committee meetings were held on 11th September 2022. Our activities to regain the procession of M. M. Church Campus are under progress.

Let's continue our prayers and actions together.

# CHOICE OF JOBS

**Ann Sarah Sunil**



Once there lived a boy named Austin. From a very young age, he wanted to become a doctor. He studied very hard and topped all his classes. He had a brother named Hudson. He did not have an aim in life. He failed all his classes and was the exact opposite of his brother Austin. But, they were inseparable. They were the living examples of *opposite poles that attract*.

One day, both were playing outside. They heard chirping of birds and ran towards that direction. They found a forest in front of them. They decided to explore the forest a bit. Austin was a college student by now. As they explored more, they got deeper into the forest. The deeper they went, the colder it got. Luckily, Austin had a jacket and it kept him warm. Soon enough Hudson was shivering with cold. He couldn't take one more step. Due to the cold, he fainted. As Austin was a fearless and bold boy, he was not scared. Suddenly, a gust of wind took him away from his brother. It went all black. Then right in front of him was an angel figure. Now Austin felt a little scared. Fear set in him, but he did not show it outside.

Then the angel said: "Hi, dear Austin. My name is Glady. I know all about you. You are very proud. You want to be a doctor and much more". The astonished Austin then said: "OK! So, what do you want from me?". Glady said: " I want you to promise me one thing". "Yes" Austin said curiously. Glady continued: "I want you to never be proud of being who you are when you grow up. Many people in the world force their children to take up the job that they are having and tell them that is the best job. Every job has its own value. So please never say that being a doctor is the best when you grow up. Everyone has their own dreams. I want to change the world". Then Austin replied: "I promise. I will never act proud". The angel said with a smile, "Thank you son. May God bless". After that, he asked Glady to let him and his brother out of the forest. Finally, the brothers returned back home safely.

When Austin grew up he kept his promise!

# ഉണർന്നിരുന്ന് പ്രാർത്ഥിക്കാം

**എസ്.ആർ. ചന്ദ്രിക ജയദാസ്**



ഈ ലോകമെങ്ങും ദൈവമഹത്വം വെളിപ്പെടും സമയമിതാ (2)
ദൈവമഹത്വം നമ്മിൽ വെളിപ്പെടാനായ്
ഉണർന്നിടാം സഭയേ നാം ഉണർന്നു പ്രാർത്ഥിക്കാം (2)

സ്വന്തഭവനത്തിൽ ഭിന്നത സഭകളിൽ ഭിന്നത
രാജ്യങ്ങൾ തമ്മിലും ഭിന്നത വർദ്ധിക്കുന്നു
നാം ഉണർന്നിടാം ജനമേ നാം ഉണർന്നു പ്രാർത്ഥിക്കാം

പക പിണക്കം വൈരാഗ്യത്താൽ ജനം നശിക്കുന്നു
എവിടെയും പോർ തന്നെ അതു തുടച്ചു മാറ്റേണം
നാം ഉണർന്നിടാം ജനമേ നാം ഉണർന്നു പ്രാർത്ഥിക്കാം

ഐക്യതക്കായ് പ്രാർത്ഥിച്ചീടിൻ ദൈവജനം എഴുന്നേൽക്കും
പക പിണക്കങ്ങൾ മാറീടും ജനം ഐക്യമായ് നിന്നീടും
നാം ഉണർന്നു പ്രാർത്ഥിക്കാം ദൈവ മഹത്വം വെളിപ്പെടും

വിണ്ണിൽ കാഹളം ധ്വനിക്കുമ്പോൾ കർത്താവിൻ വരവിൽ നാം
രൂപാന്തരം പ്രാപിക്കും മരിച്ചവർ അന്നു എഴുന്നേൽക്കും
നാം കർത്താവിൽ ചേർക്കപ്പെടും നാം ഉണർന്നു പ്രാർത്ഥിക്കാം.

## സ്ത്രീജന സഖ്യത്തിന്റെ ഏകദിന ധ്യാനവും ബ്രൈമൂർ എസ്റ്റേറ്റ് സന്ദർശനവും

സ്ത്രീജന സഖ്യത്തിന്റെ ഏകദിന ധ്യാനവും ബ്രൈമൂർ എസ്റ്റേറ്റ് സന്ദർശനവും 1-10-2022 ശനിയാഴ്ച രാവിലെ 7 മണിക്ക് റവ. ഡോ. എൽ. ഇ. സഹനം അച്ചന്റെ പ്രാർത്ഥനയോടെ സെക്രട്ടറി ഡോ. സജിത ഡി.എസ്.ന്റെ നേതൃത്വത്തിൽ യാത്ര പുറപ്പെടുകയും, ബ്രൈമൂർ എസ്റ്റേറ്റിലെ സി.എസ്.ഐ. പള്ളിയിൽ ധ്യാനം നടത്തുകയും തുടർന്ന് എസ്റ്റേറ്റിലെ സമരം കാരണം തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് വസ്ത്രം, പോഷക സംബന്ധമായ ആഹാരം എന്നിവ വിതരണം ചെയ്തു. ഇതിനെ തുടർന്നു അംഗങ്ങൾ മങ്കയം, അരുവിക്കര ഡാം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു വൈകുന്നേരം മടങ്ങി വന്നു. 46 അംഗങ്ങൾ പങ്കെടുത്തു.

# UNIQUENESS OF CHRISTIAN FELLOWSHIP



**Dr. Christenson E. Sarasam**

Do we enjoy fellowship? 'True fellowship' within fellowship'? Or, are we just fish out of water? The context of fellowship is very critical today. Fellowship in simple terms is companionship… 'Fellowship with God of the Universe and also with our fellow human beings who have tasted God in a personal way'. Fellowship originates with '**Friendship',** grows into '**Relationship**' which in due course turns to **'Fellowship'**, fostering Vertical Relationship with God and Horizontal Relationship with human beings.

**'Fellowship is fellows in the same ship'.** As we enter into intimate fellowship with God and fellow believers, we experience the power of God moving magnificently, performing great and mighty acts in our midst. The depth of our relationship with God is measured by the quality time we spend at the feet of Christ. Fellowship is achieved by accepting Jesus as Saviour and Lord, talking to God in personal prayer and listening to Him through reading, meditating and reflecting on the Word of God aided by the Holy Spirit, 'when no one else is watching us' and setting motion 'love in action' in consonance with the Body of Christ.

Our relationship with Jesus Christ must be renewed daily if we have to be victorious over the world, the flesh and the devil. The Spirit of God who dwells in us (1 Cor. 2:14) will create a deep desire

to know Him deeply, acknowledge God's divine plans and walk daily in the light. When we do not yield to the Spirit of God in us, we live under the power of 'the flesh' fulfilling the lusts. We have time for everything that interests us, but little or no time to practise fellowship with Christ and to delight in Him. On the contrary, by constantly abiding in the fellowship of Christ, we can bear the fruit that glorifies God (John 15:1-8).

In the classic description on the New Testament church, it is written: "**And they continued steadfastly in the apostles' doctrine and fellowship, in the breaking of bread, and in prayers" (Acts 2:42).** Are we cultivating an intimate personal relationship with God, which alone can help us to receive His favour and blessings? Life is a journey with God as our companion. He longs to help us deal with life's problems. How good it is to let God take charge of our lives! Unless we are deeply rooted in Christ, we cannot withstand the storms of life. How great our Lord is and what a privilege it is to walk in intimate relationship with Him, to be loved by Him and to serve Him!

**Our fellowship 'with' Christ is the basis for our fellowship 'in' God.** This evolves as a result of a closer walk with God. In fellowship gatherings, people share about the wonderful works of God which they have experienced in their lives through prayer, Word of God and the Spirit of God. When we witness these mighty works of God, our faith increases and we too begin to experience similar touch of God. To neglect fellowship is to give up the encouragement and help of other Christians. We gather together to share our faith experiences and to strengthen one another in the Lord. Inconveniences should never be excuses for missing fellowship. Rather, as difficulties

arise, we should make an even greater effort to be faithful in attendance. God's presence enables us to witness great and unimaginable things. We will gratefully acknowledge the grace, mercy and care of God. Those who have enjoyed love and fellowship from God and His chosen people, cannot sit idle. Their tongues will be loosened to praise, worship and thank God inside and outside their own congregation. Simultaneously, inviting and drawing the 'other flock' into the fold of Jesus Christ through world and deed will become their joy forever. This experience is indeed true in the life and ministry of the Mateer Memorial Church Congregational Fellowship.

**A fellowship that has the attestation of God will be all inclusive.** But, always the common tendency is to foster and nurture exclusive fellowship which is in contravention to Biblical precepts. True fellowship involves mutual dependency and belongingness. When God destroyed the world through the flood and planted a 'new community' on earth, it was quite inclusive. Never was that fellowship only among the "holy" (Gen.7:2). Normal human nature is to negate fellowship with the "so-called unholy". The big role of sinners in the ministry of Jesus cannot be discarded. They were not cast out, but won for the Kingdom of God. **Though countless species of fishes live in the salty sea, salt does not enter into a live fish.** We too need to lead a sinless life to fulfil God's mission. May God help us to prioritize our participation in all the gatherings of our congregation to enliven our corporate fellowship. Being His redeemed children, let us endeavour to extend our fellowship to those 'outside the fold' also by 'allowing God to abide in us' and wholeheartedly 'abiding in God', enjoying genuine fellowship experience.



# ക്രൈസ്തവ വിവാഹവും ഉടമ്പടിയും

ഡോ. ഡി. ബഞ്ചമിൻ

'റവ മെറ്റീർ - നേറ്റീവ് ലൈഫ് ഇൻ ട്രാവൻകൂർ' എന്ന പ്രഖ്യാതമായ ഗ്രന്ഥത്തിൽ കേരളത്തിൽ അന്ന് നിലനിന്നിരുന്ന വിവാഹ സമ്പ്രദായത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഈ ചടങ്ങിൽ യാതൊരു തരം ഉടമ്പടിയും ഉണ്ടാകുന്നില്ല എന്ന കാര്യം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഉടമ്പടിക്കു പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള ഒരു വിവാഹ സമ്പ്രദായം ഇവിടെ ആരംഭിച്ചത് ക്രിസ്ത്യാനികളാണ്. ക്രൈസ്തവവിവാഹത്തിന്റെ ഏറ്റവും കാതലായ ഘടകം ദൈവത്തിന്റെയും സഹവിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ വരനും വധുവും ചെയ്യുന്ന പ്രതിജ്ഞകളാണ്. ആജീവനാന്ത സഖിത്വം ഉറപ്പാക്കുന്നതാണ് ആ പ്രതിജ്ഞകൾ. രണ്ടുപേരും ഉഭയ സമ്മതത്തോടെയാണോ വിവാഹത്തിലേർപ്പെടുന്നതെന്നും ഉറപ്പുവരുത്താനുള്ള ചുമതല പ്രസ്ബിറ്ററുടേതാണ്. വിവാഹ മോചനം ക്രൈസ്തവസഭ അംഗീകരിക്കാത്തത് ഈ രണ്ടുകാര്യങ്ങളുടെയും പേരിലാണ്. പക്ഷേ ഇന്ന് ക്രൈസ്തവരുടെയിടയിലും വിവാഹമോചനം സാധാരണമായിരിക്കുന്നു. അങ്ങനെ വിവാഹവേളയിൽ അവർ ചെയ്യുന്ന ഉടമ്പടിക്ക് പ്രത്യേകിച്ചൊരർത്ഥവുമില്ലാതായിരിക്കുന്നു.

വിവാഹമോചനങ്ങൾക്കുള്ള ഒരു പ്രധാന കാരണം സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസവും മികച്ച തൊഴിൽ സാദ്ധ്യതയുമാണ്. ഉയർന്ന വിദ്യാഭ്യാസം അവരിൽ ശക്തമായ സ്വത്വബോധമുണ്ടാക്കുന്നു. നല്ല വേതനത്തോടെയുള്ള തൊഴിൽ അവർക്ക് സ്വാശ്രയത്തിലധിഷ്ഠിതമായ ആത്മബോധം നല്കുകയും ചെയ്യുന്നു. പരമ്പരാഗത രീതിയനുസരിച്ച് നിരുപാധികം കീഴടങ്ങാനും ജീവിതത്തെ ആത്മത്യാഗപരമായ ഒരു സേവനം മാത്രമാക്കാനും അവർ തയ്യാറാവാത്തത് അതുകൊണ്ടാണ്. അടിച്ചമർത്തലുകളോട് ന്യായമായും അവർ പ്രതികരിക്കുന്നു. ഈ പ്രവണത ഇനിയും ശക്തിപ്പെടുക തന്നെ ചെയ്യും. വിവാഹം തുല്യതകൾ തമ്മിലുള്ള മാന്യമായ ഉടമ്പടിയായിത്തീരുന്നതുവരെ അത് തുടരുകയും

വേണം. ഇന്ന് സ്ത്രീകളിൽ ഒരുവിഭാഗം വിവാഹിതരാകാൻ കൂട്ടാക്കാത്തത് സ്വയം അടിമത്തം സ്വീകരിക്കാൻ ഇഷ്ടമില്ലാത്തതുകൊണ്ടാണ്.

വിവാഹത്തിന് ദൈവഹിതത്തിന്റെ ആത്മീയതയുടെ ബലിഷ്ഠമായ അടിത്തറയുണ്ടെന്ന് നാം ഭാവിക്കാറുണ്ട്. അങ്ങനെ വിശ്വസിപ്പിക്കാറുമുണ്ട്. പക്ഷേ വിവാഹം ദൈവീകമായിട്ടും ഉടമ്പടിയിലധിഷ്ഠിതമായിട്ടും വിവാഹത്തെ സംബന്ധിച്ച മനുഷ്യത്വ രഹിതമായ പഴയ ചടങ്ങുകളും ആചാരങ്ങളും ഉപേക്ഷിക്കാൻ തയ്യാറായിട്ടില്ല. അതിനു നിർബന്ധിക്കേണ്ടതും പ്രേരിപ്പിക്കേണ്ടതും സഭയും പൗരോഹിത്യവുമാണ്. അവയെ പ്രോത്സാഹിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ദൗത്യമാണ് അവർ ഏറ്റെടുത്തിരിക്കുന്നത്. ക്രിസ്ത്യാനികളുടെയും വിവാഹത്തിന്റെയും മുഖ്യവ്യവസ്ഥ പണമാണ്. ഏതു സാമൂഹിക സന്ധിയിലാണ് സ്ത്രീധനം എന്ന ആചാരം ഉണ്ടായതെന്നു വ്യക്തമല്ല. അതിനു സാമൂഹികമായ കാരണങ്ങളുണ്ടാവാം. ഇന്ന് വിവാഹമുറപ്പിക്കലിന്റെ ആദ്യത്തെ ഉപാധി സ്ത്രീധനമാണ്. പണത്തോടൊപ്പം സ്വത്തും കാറുമൊക്കെയുണ്ടാവും. അവയുടെ ഏറ്റക്കുറച്ചിലാണ് വിവാഹബന്ധത്തിന്റെ ദാർഢ്യം ഉറപ്പാക്കുന്നത്. അതുകൊണ്ട് വിവാഹം ദൈവീകമാണെന്നത് വെറുമൊരു പൊങ്ങച്ചമാകുന്നു. 'മാമ്മോൻ' കൂട്ടിച്ചേർത്തവരെ ആർക്കും വേർപിരിക്കാവുന്നതേയുള്ളൂ.

നമ്മുടെ വിവാഹങ്ങൾ ഉഭയ സമ്മതപ്രകാരമാണു നടക്കുന്നത് എന്നതും കൗതുകകരമായ ഒരർദ്ധസത്യമാണ്. സമ്മതമാണെന്നു പറഞ്ഞാലേ വിവാഹമെന്ന ചടങ്ങു നടക്കു എന്നതു സത്യം തന്നെ. പക്ഷേ ഇന്നും അക്കാര്യത്തിൽ അവസാന തീരുമാനമെടുക്കുന്നത് മാതാപിതാക്കളോ കാരണവന്മാരോ ആണ്. മാതാപിതാക്കളുടെ സാമ്പത്തികമായ പരാധീനതയോ ആധികാരസ്വരത്തിലുള്ള കല്പനയോ ആണ് ഏറിയ പങ്ക് വിവാഹങ്ങളുടെയും പിന്നിലുള്ളത്. വിവാഹം പലപ്പോഴും ഒരു കോംപ്രമൈസ് ആകുന്നു. വിവാഹം നിലനില്ക്കാൻ മാതാപിതാക്കളുടെയും കുടുംബങ്ങളുടെയും പിന്തുണവേണം. പക്ഷേ തീരുമാനം തികച്ചും വൈയക്തികമാകണം. "ഇവളെ അവരെല്ലാരും കൂടി എന്റെ തലയിൽ വച്ചു കെട്ടിയതല്ലേ? എന്നെ എല്ലാരും കൂടി അയാൾക്കു പിടിച്ചുകൊടുത്തതല്ലേ" എന്നാരും പറയാൻ ഇടവരുത്തരുത്.

വിവാഹത്തെ സംബന്ധിച്ച മറ്റൊരു പ്രധാന പ്രശ്നം അഭ്യസ്തവിദ്യരുടെയിടയിലെ സ്ത്രീപുരുഷ അനുപാത രാഹിത്യമാണ്. നമ്മുടെ പെൺകുട്ടികൾ കഷ്ടപ്പാടുകളുടെയും ഇല്ലായ്മകളുടെയും നടുവിലി

# Womens' Fellowship Retreat









Smt. Elsie Sundaram

# CEYF Medical Camp





*In Ever Loving Memory of*





**Sri. P. Sundaram**
(Former Deacon of MM Church)

**Smt. Elsie Sundaram**

***Called to Eternal Glory on***

***27-9-1970*** ***13-4-1964***

***"Safe In the Arms of Jesus"***
***By***
**W/o. Grandson, Late Sri. J. Jayaraj (Prof. Santha Kumari)**
**and Family**

*In Ever Loving Memory of*





**Smt. Lalitha Claribel John**
D/o. Late Sri. P. Sundaram and
Late Smt. Elsie Sundaram

**Miss. Lalitha Jane**
D/o. Late Mrs. Lalitha Claribel John

***Called to Eternal Glory on***

*01-06-1944* *07-04-2017*

***"Safe In the Arms of Jesus"***
***By***
**Prof. Santha Kumari and family**

*In Ever Loving Memory of*





**Sri. D. Danam**
(Rtd. Teacher)

**Smt. Gertrude Danam**
(Rtd A.A., Health Services)

'Christava Nivas', Valiasala, TVPM.

***Called to Eternal Glory on***

*22-11-1986* *05-04-2021*

***"Safe In the Arms of Jesus"***
***By***
**Children, Grandchildren and Great grandchildren**

രുന്നും മുഷിഞ്ഞു പഠിച്ച് ഉന്നതബിരുദങ്ങളും ഭേദപ്പെട്ട തൊഴിലുകളും സമ്പാദിക്കുന്നു. ആണുങ്ങൾ ചുറ്റിത്തിരിഞ്ഞു നടക്കുകയും വളരെക്കുറച്ചുപേർ മാത്രം അത്തരം നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. തങ്ങൾക്കു ചേർന്ന വിദ്യാഭ്യാസ യോഗ്യതയും തൊഴിലും ഭർത്താക്കന്മാർക്കുമുണ്ടാവണമെന്ന സ്ത്രീകളുടെ അഭിലാഷം പാഴായിപ്പോകുന്നു. സ്ത്രീകൾ എന്തിനാണങ്ങനെ ആഗ്രഹിക്കുന്നത് എന്ന് ചോദിക്കുന്നവരുണ്ട്! പദവിയിൽ പ്രകടമായ വ്യത്യാസമുള്ളവർ തമ്മിലുള്ള വിവാഹം വിവാഹമോചനത്തിനുള്ള സാദ്ധ്യത കുറച്ചൊന്നുമല്ല വർദ്ധിപ്പിക്കുന്നത്. അധമത്വബോധം (inferiority complex) നിറഞ്ഞ മനസ്സ് സംശയങ്ങളുടെ വിളനിലമായിരക്കും. ഒരു മനഃശാസ്ത്രജ്ഞനും പരിഹരിക്കാൻ കഴിയാത്ത രോഗമാണ് 'സംശയം'.

ക്രൈസ്തവ മാസികകളിൽ നേട്ടങ്ങൽ കൈവരിച്ചവരുടെ വിവരങ്ങൾ കൊടുക്കാറുണ്ടല്ലോ. എസ്.എസ്.എൽ.സി. പരീക്ഷയിലും +2 പരീക്ഷയിലും നേട്ടങ്ങൾ കൊയ്തവരുടെ കണക്കുമാത്രം പരിശോധിച്ചാൽ ഈ അപകടകരമായ അനുപാതരാഹിത്യം ബോദ്ധ്യമാവും. ഇരുട്ടുകൊണ്ട് അടയ്ക്കാവുന്ന ഓട്ടയല്ല അത്. വളരെ ബോധപൂർവ്വം പരിഹരിക്കേണ്ട ഗുരുതരമായ പ്രശ്നമാണത്.

കഴിഞ്ഞ ചില ദശകങ്ങൾക്കുള്ളിൽ നമ്മുടെ സമൂഹത്തിനു വന്ന ധൈഷണികമായ മാറ്റത്തിനു നേരെ നമുക്ക് ഇനിയും കണ്ണടയ്ക്കാനാവില്ല. വളരുന്ന വിശ്വാസ സമൂഹത്തെക്കാൾ ചില നൂറ്റാണ്ടുകൾക്കു പിന്നിലാണ് സഭയും പൗരോഹിത്യവും.

## അർത്ഥവത്തായ വാർദ്ധക്യം

പരാതികളും പരാധീനതകളും നിരത്താനല്ല, പ്രായമാകുന്ന സമയം മകനെപ്പറ്റിയും മരുമകളെപ്പറ്റിയും മരുമകനെപ്പറ്റിയും കുറ്റം പറയാനും അവരോടുള്ള വാശി തീർക്കാനുമുള്ള സമയമല്ല വാർദ്ധക്യം. നന്മ മാത്രം ചിന്തിക്കാനും മറ്റുള്ളവർക്ക് പ്രതീക്ഷയുടെയും പ്രത്യാശയുടെയും ആയിരമായിരും പൂക്കൾ വിരിയിക്കാനുമുള്ള സമയമാണ് വാർദ്ധക്യം.

ഒഴിവാക്കാൻ പറ്റാത്തതാണ് വാർദ്ധക്യം. പക്ഷേ ആത്മീയമായി ശക്തി പ്രാപിക്കാവുന്ന സമയമാണ് വാർദ്ധക്യം. സ്വാർത്ഥത, പണത്തോടുള്ള ആർത്തി, സ്വയം പരിതാപം, വാശി, വൈരാഗ്യം മുതലായവ എല്ലാം ആത്മീയമായി വളരുന്നതോടെ അപ്രത്യക്ഷമാകും. സന്തോഷവും സമാധാനവും പ്രത്യാശയും ഇവരിൽ ശക്തമാകും. "I will do my best", "The best is yet to be" എന്ന് ഇവർ ഉറക്കെപ്പറയും.

# Annual Gospel Convention 2022
# ഒരു അവലോകനം



**എൽ.ജെ. പത്മകുമാർ**

സി.എസ്.ഐ. മെറ്റീർ മെമ്മോറിയൽ സഭയുടെ 2022-ലെ വാർഷിക സുവിശേഷ കൺവെൻഷൻ സെപ്റ്റംബർ 23-25 വരെ സാൽവേഷൻ ആർമിയുടെ ജോൺസൺ ഹാളിൽ വച്ച് നടത്തപ്പെട്ടു. കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ Er. തോമസ് അലക്സാണ്ടർ ആയിരുന്നു മുഖ്യ പ്രഭാഷകൻ. എം.എം. സഭയിൽ നിന്നും മറ്റു ഇതര സഭകളിൽ നിന്നുമായി ഒരു ബഹുപുരുഷാരം വിശ്വാസികൾ കൺവെൻഷൻ യോഗങ്ങളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. ശ്രീ. അമർനാഥ് ഐ.പോൾ അവർകളുടെ നേതൃത്വത്തിലെ കൺവെൻഷൻ ക്വയർ ഗാനശുശ്രൂഷയെ ധ്യാനാത്മകമാക്കി.

**ഒന്നാം ദിവസം** പുറപ്പാട് 3:1-12 വരെയുള്ള വചനങ്ങളെ ആസ്പദമാക്കി സന്ദേശം നല്കപ്പെട്ടു. ദൈവത്തെ കാണണമെങ്കിൽ നമുക്ക് തീവ്രമായ ആഗ്രഹം അത്യാവശ്യമാണ്. നമ്മുടെ ദൈവം നമ്മെ ഓമന പേർ ചൊല്ലി വിളിക്കുന്ന ദൈവമാണ്. നാം ഓരോരുത്തരേയും ദൈവ രാജ്യം കെട്ടിപ്പെടുക്കുന്നതിനായി പേർ ചൊല്ലി വിളിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ പൂർവ്വ പിതാക്കന്മാരായ അബ്രാഹാം, ഇസ്ഹാക്, യാക്കോബ് എന്നിവരെ പേർ ചൊല്ലി വിളിച്ച ദൈവം നമ്മെ വിളിക്കുമ്പോൾ നമ്മിൽ നിന്നും സൃഷ്ടിപരമായ പ്രതികരണമാണ് ആഗ്രഹിക്കുന്നത്. എന്നാൽ പലപ്പോഴും നാം ദൈവവിളിയെ നിസ്സംഗഭാവത്തോടു കൂടിയാണ് അഭിമുഖീകരിക്കുന്നത്. ദൈവവിളിയോട് ക്രിയാത്മകമായി പ്രതികരിച്ചവരെ ദൈവം എടുത്ത് ഉപയോഗിച്ചതായി നമുക്ക് അറിയാം. എന്നാൽ നമ്മുടെ പ്രതികരണം എന്തു തന്നെയായാലും ദൈവനിശ്ചയം നടപ്പാവുക തന്നെ ചെയ്യും. നീനെവേയിലേക്കു പോകാതെ തർശീശിലേക്കു പോയ യോനയെ നിനെവേയിലേക്കു തന്നെ ദൈവം എത്തിച്ചു. ഹോരേബ് പർവ്വതത്തിലെ ഗുഹയിൽ ഒളിച്ചു താമസിച്ചിരുന്ന ഏലീയാ പ്രവാചകനെ യഹോവ വിളിച്ച് അരാമ്യ രാജാവിനെയും യിസ്രായേൽ രാജാവിനെയും അഭിഷേകം ചെയ്യുന്നതിനായി നിയോ

ഗിച്ചു. യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നു വിടുവിക്കാനുള്ള ദൗത്യം ദൈവം മോശെയെ ഏൽപിച്ചപ്പോൾ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് ഒഴിഞ്ഞു മാറാൻ ശ്രമിച്ചെങ്കിലും ദൈവം മോശെയെ തന്നെ അതിനായി എടുത്ത് ഉപയോഗിച്ചു. നമ്മുടെ ദൈവം നിലവിളി കേൾക്കുന്ന ദൈവമാണ്. മരുഭൂമിയിൽ എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട് ഹാഗാർ ദൈവത്തോടു നിലവിളിച്ചപ്പോൾ ഉത്തരം നൽകിയ ദൈവം. ഹന്നയുടെ നിലവിളി കേട്ട് ശമൂവേൽ ബാലനെ നൽകിയ ദൈവം. നമ്മുടെ കഷ്ടത കാണുന്ന ദൈവം. കഷ്ടതയിൽ ഇടപെട്ട് നമ്മെ ശക്തീകരിച്ച് ആശ്വാസം നൽകുന്ന ദൈവം. 'ഞാൻ നിന്നെ തള്ളിക്കളയുകയില്ല; ഉപേക്ഷിക്കുകയുമില്ല' എന്ന് വാഗ്ദത്തം നൽകിയ ദൈവം നമ്മുടെ സങ്കടങ്ങൾ അറിയുന്നവനാണ്.

**രണ്ടാം ദിവസം** ഫിലിപ്യർ 4:1-9 വരെയുള്ള വചനത്തെ ആസ്പദമാക്കി സന്ദേശം നല്കപ്പെട്ടു. 'സമാധാനത്തിന്റെ ദൈവം നിങ്ങളോടു കൂടെയിരിക്കും' എന്നതായിരുന്നു ധ്യാന വിഷയം. സ്വയം അലിഞ്ഞില്ലാതായി മറ്റുള്ളവർക്ക് മാധുര്യമേകുന്ന പഞ്ചസാരയെ പോലെയും മറ്റുള്ളവർക്ക് രുചി പകരുന്ന ഉപ്പിനെപ്പോലെയും സ്വയം ഉരുകി നശിച്ചു കൊണ്ട് മറ്റുള്ളവർക്ക് പ്രകാശം പരത്തുന്ന മെഴുകുതിരിപോലെയും നാം ആയിത്തീരേണ്ടതാണ്. സമാധാനത്തിന്റെ ദൈവം നമ്മോടുകൂടെ ഉണ്ടെങ്കിൽ മാത്രമേ ഇപ്രകാരം ആയിരിക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ. കർത്താവുമായുള്ള ബന്ധത്തിൽ നിലനിൽക്കാൻ നാം 3 കാര്യങ്ങൾ ശ്രദ്ധിക്കണം.

1. നാം എപ്പോഴും കർത്താവിൽ നിലനിൽക്കുക
2. കർത്താവിന് എപ്പോഴും ജീവിതത്തിൽ മുൻഗണന നൽകുക
3. കർത്താവിൽ എപ്പോഴും സന്തോഷിക്കുക. എപ്പോഴും ക്രിസ്തുവിൽ അധിഷ്ഠിതമായ ജീവിതം നയിക്കുക.

നാം ക്രിസ്തുവിനെ കർത്താവ് എന്നും രക്ഷിതാവെന്നും യജമാനൻ എന്നും പറയുന്നു. എങ്കിലും വലിയവനായ ദൈവത്തെ ഉൾക്കൊള്ളാൻ നമുക്കു കഴിയുന്നില്ല. കാരണം നിസാര ചിന്തകൾ കൊണ്ട് നാം നമ്മുടെ മനസ്സിനെ എപ്പോഴും നിറച്ചുവച്ചിരിക്കുകയാണ്. എല്ലാം എനിക്ക് യേശുവാണ് എന്ന് പറയുവാൻ നമുക്ക് എല്ലായ്പ്പോഴും കഴിയണം. കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവരായിരിക്കണം. സകലവും പ്രതികൂലമാകുമ്പോൾ നമുക്ക് കർത്താവിൽ സന്തോഷിയ്ക്കാൻ കഴിയാറില്ല. കഷ്ടതയിലും പ്രതികൂല സാഹചര്യങ്ങളിലും കർത്താവിൽ സന്തോഷിച്ച അനേകരെ നമുക്ക് സത്യവേദപുസ്തകത്തിൽ കാണാൻ

കഴിയും. ഹബക്കൂക് 3:18–19 ൽ ഇപ്രകാരം വായിക്കുന്നു. 'എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിയ്ക്കും, യഹോവയായ കർത്താവ് എന്റെ ബല മാകുന്നു'. ഇന്ന് ലോകം Power, Position, Possession, Pleasure എന്നി വയിലൂടെ ആനന്ദം കണ്ടെത്താൻ ശ്രമിയ്ക്കുന്നു. എന്നാൽ ഇവയിലൂടെ നമുക്ക് ലഭിയ്ക്കുന്ന ആനന്ദം താൽക്കാലികമാണ്. ക്രിസ്തുവിലൂടെ ലഭിയ്ക്കുന്ന ആനന്ദം ശാശ്വതമാണ്. എപ്പോഴും നാം കർത്താവിൽ സന്തോഷിക്കുന്നവരാകണം. നാം സൗമ്യതയുള്ളവരും ഒന്നിനെക്കു റിച്ചും വിചാരപ്പെടാതെ ശുഭാപ്തി വിശ്വാസമുള്ളവരും ആയിരിക്കണം. നാം ജീവിതത്തിൽ കണ്ടും കേട്ടും ഗ്രഹിച്ചും പഠിച്ച നല്ല കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതാണ്.

**മൂന്നാം ദിവസം** 1 കൊരിന്ത്യർ 16:13–14 വാക്യങ്ങളെ ആസ്പദ മാക്കി സന്ദേശം നല്കപ്പെട്ടു. 'ഉണർന്നിരിപ്പിൻ, വിശ്വാസത്തിൽ നില നിൽപിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ, നിങ്ങൾ ചെയ്യു ന്നതെല്ലാം സ്നേഹത്തിൻ ചെയ്വിൻ'. അധാർമികത നിറഞ്ഞ ഈ ലോകത്ത് ഒരു ദൈവപൈതൽ എപ്പോഴും ഉണർന്നിരുന്ന് ജാഗ്രത യോടെ ജീവിതം നയിക്കേണ്ടതാണ്. സർദ്ദിസ് സഭയെപ്പോലെ മരിച്ചവ രായിരിക്കാതെ ഉണർന്ന് ചാവാറായ ശേഷിപ്പുകളെ ശക്തീകരിച്ച് ദൈവ സന്നിധിയിൽ പൂർണ്ണതയുള്ളവരായിരിക്കുക. മത്തായി 26:41 ലും, 24:42 ലും കർത്താവായ യേശുക്രിസ്തു ശിഷ്യന്മാരോട് ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്ന് പറയുന്നു. ഇന്ന് പ്രവർത്തകരുണ്ട് പ്രവർത്തന മില്ല, വിശ്വാസമുണ്ട് വിശ്വാസികളില്ല, കൂട്ടായ്മയുണ്ട് കരുതലില്ല; ആരാ ധനയുണ്ട് കൂട്ടായ്മയില്ല, മനസ്സുണ്ട് ശുദ്ധമല്ല. ഈ സാഹചര്യത്തിൽ ഉണർന്നിരിപ്പാൻ കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുവിനു വേണ്ടി പറക്കാൻ കഴിഞ്ഞില്ലെങ്കിൽ ഓടുക, ഓടാൻ കഴിഞ്ഞില്ലെങ്കിൽ നടക്കുക, നടക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇഴയുക. ചുരുക്കിപ്പറഞ്ഞാൽ ഒരു നിമിഷമാണ് ജീവിച്ചിരിക്കുന്നതെങ്കിലും കർത്താവിനായി മാത്രം ജീവിക്കുക. നാം ഓരോരുത്തരും വിശ്വാസത്തിൽ നിലനിൽക്കണം. ശുഭാപ്തി വിശ്വാസം ഉള്ളവരായിരിക്കണം. അങ്ങനെയെങ്കിൽ നാം ഇന്ന് അഭിമുഖീകരിയ്ക്കുന്ന പ്രതിസന്ധിയെ നമുക്ക് തരണം ചെയ്യാൻ കഴിയും. യെരൂശലേമിന്റെ മതിലുകൾ പുതുക്കിപ്പണിയാൻ നെഹെമ്യാവ് വിശ്വാസത്തോടു കൂടി ഉപവസിച്ച് പ്രാർത്ഥിച്ചു. ജനങ്ങളെ ഒരുക്കി. ശദ്രയ്, മേശെക്, അബേദ്നെ ഗോ എന്നിവരുടെ അടിയുറച്ച ദൈവവി ശ്വാസം അവരെ എരിയുന്ന തീച്ചൂളയിൽ നിന്നും രക്ഷിച്ചു. എന്തു

പ്രശ്നം നമുക്ക് അഭിമുഖീകരിക്കേണ്ടവന്നാലും, ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിയ്ക്കും എന്നു പറയാൻ തക്ക ധൈര്യം നമുക്കുണ്ടായിരിക്കണം. നാം പുരുഷത്വം കാണിക്കണം. നാം സൗമ്യമായി പ്രതികരിയ്ക്കാൻ കഴിവുള്ളവരും നീതിയുടെ പാതയിൽ സഞ്ചരിക്കുന്നവരും ധൈര്യത്തോടുകൂടി സുവിശേഷം മറ്റുള്ളവരെ അറിയിക്കുന്നവരും ആയിരിക്കണം. ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ. നമുക്ക് എന്ത് കിട്ടും എന്നതിലുപരി എന്നെക്കൊണ്ട് മറ്റുള്ളവർക്ക് എന്ത് ചെയ്തുകൊടുക്കാൻ സാധിക്കും എന്ന് നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്.

നമ്മുടെ കൺവെൻഷന്റെ മുഖ്യപ്രഭാഷകനായിരുന്ന Er. തോമസ് അലക്സാണ്ടറുടെ 3 ദിവസത്തെ വചന ഘോഷണം എല്ലാവർക്കും അനുഗ്രഹത്തിന്റെയും നന്മയുടെയും അനുഭവമായി മാറി. ദൈവം അദ്ദേഹത്തെ തുടർന്നും ശക്തിയോടെ ഉപയോഗിക്കുമാറാകട്ടെ. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.



# പ്രതിവാര ധ്യാനം

**ഒക്ടോബർ 2**

വിഷയം: **സർവ്വവിശ്വാസികളുടെയും പൗരോഹിത്യം**

യെശ. 61:1-11, സങ്കീ. 80, 1 പത്രോ. 2:1-10, യോഹ. 17:1-8

**ഒക്ടോബർ 9**

വിഷയം: **കരുതലും ആദരവും**

2 ശമു. 9:1-13, സങ്കീ. 146, അ.പ്ര.9:32-35, മർക്കൊ.3:1-6

**ഒക്ടോബർ 16**

വിഷയം: **യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം പ്രവൃത്തി പഥത്തിൽ**

ദാനി 11:1-17, സങ്കീ.98, അ.പ്ര.6:1-7, യോഹ. 1:35-42

**ഒക്ടോബർ 23**

വിഷയം: **ഉപഭോഗസംസ്കാരത്തോടുള്ള ക്രൈസ്തവ പ്രതികരണം**

ഉത്പ. 3:1-7, സങ്കീ.37, ഫിലി. 3:17-21, മത്താ.6:25-34

# സി.എസ്.ഐ. സഭാ വസ്തുക്കളുടെ ഉടമസ്ഥത ആർക്ക്?



**വി. ജസ്റ്റിൻ**

നാല് പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ ഐക്യപ്പെട്ട് ദക്ഷിണേന്ത്യാ സഭ (സി.എസ്.ഐ.) രൂപീകരിക്കാനുള്ള ചർച്ചകൾ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു മുമ്പ് നടന്നുവന്നു. ആ സഭാവിഭാഗങ്ങളിൽ പെട്ട എൽ.എം.എസ്. മിഷണറി ലൂവിസ് ജെ. തോമസ്, ഹൈക്കോടതി സോളിസിറ്റർ ലെസ്ലി ഡി. മില്ലർ, എൽ.എം. എസ്. അധ്യാപകനായ സി.ജെ. ലൂക്കോസ്, മെതഡിസ്റ്റ് സഭാശുശ്രൂഷകൻ എ.എം. പെയ്ളർ, ആംഗ്ലിക്കൻ ആർച്ച് ഡീക്കൻ ജെ.വയ്റ്റ്, മെതഡിസ്റ്റ് സഭാശുശ്രൂഷകൻ റ്റി. ആർ. ഫോൾജർ എന്നിവർ ചേർന്ന് ഐക്യ സഭയുടെ വസ്തുവകകൾക്കായി ഒരു ട്രസ്റ്റ് രൂപീകരിച്ചു. ചർച്ച് ഓഫ് സൗത്ത് ഇന്ത്യാ ട്രസ്റ്റ് അസോസിയേഷൻ (CSITA) എന്ന പേരിൽ 1947 സെപ്റ്റംബർ 26ന് (വെള്ളിയാഴ്ച) അതിന്റെ മെമ്മറാണ്ടം, ആർട്ടിക്കിൾസ് എന്നിവയും പേരും രജിസ്റ്റർ ചെയ്തു. 1943ലെ ഇന്ത്യൻ കമ്പനീസ് ആക്റ്റിലെ നോൺ പ്രൊഫിറ്റ് വകുപ്പായ സെക്ഷൻ 26 അനുസരിച്ച് ഒരു പബ്ലിക്, റിലിജിയസ്, ചാരിറ്റബിൾ ട്രസ്റ്റായി കേന്ദ്ര സർക്കാർ നിയമം അനുസരിച്ചായിരുന്നു രജിസ്റ്റർ ചെയ്തത് (ഇപ്പോൾ 2013 ആക്റ്റിലെ സെക്ഷൻ 8). ആ നിയമം അനുസരിച്ച് ട്രസ്റ്റിന്റെ സകല വസ്തുവകകളും വരുമാനവും ട്രസ്റ്റ് അസോസിയേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് മാത്രമായി പൂർണമായി വിനിയോഗിക്കണമെന്നാണ് നിയമം. സി.എസ്.ഐ.റ്റി.എ. രൂപീകരിച്ച വ്യക്തികൾ ആ തീയതിയിൽ സി.എസ്.ഐ. അംഗങ്ങൾ ആയിരുന്നില്ല. കാരണം 26 സെപ്റ്റംബർ 1947-ൽ സി.എസ്.ഐ. ഐക്യസഭ രൂപീകരിക്കപ്പെട്ടിരുന്നില്ല.

ഐക്യ സഭയുടെ ഉദ്ദേശ്യങ്ങൾക്കും അതിലെ അംഗങ്ങളുടെ ഉദ്ധാരണത്തിനുമായി, ഐക്യത്തിലായ നാല് പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളായ ആംഗ്ലിക്കൻ, മെതഡിസ്റ്റ് കൂടാതെ, പ്രെസ്ബിറ്റീരിയൻ, എൽ. എം.എസ്. (ഇതു രണ്ടും ചേർന്നതാണ് എസ്.ഐ.യു.സി.) എന്നിവയുടെ

വസ്തുവകകൾ സി.എസ്.ഐ.റ്റി.എ. യിൽ നിക്ഷിപ്തമായി. അടുത്ത ദിവസം, അതായത് 1947 സെപ്റ്റംബർ 27 (ശനിയാഴ്ച) സി.എസ്.ഐ. (ചർച്ച് ഓഫ് സൗത്ത് ഇന്ത്യ) എന്ന പേരിൽ ഐക്യ സഭ ഉത്ഘാടനം ചെയ്തു. സി.എസ്.ഐ. രൂപീകരണത്തിനു മുമ്പ് എസ്.ഐ.യു.സി. യുടെ (സൗത്ത് ഇന്ത്യാ യുണൈറ്റഡ് ചർച്ച്) വസ്തുവകകൾ എസ്.ഐ.യു.സി.റ്റി.എ. എന്ന സ്വന്തം ട്രസ്റ്റ് അസോസിയേഷനിൽ നിക്ഷിപ്തമായിരുന്നു. ഐക്യസഭ ഉടലെടുത്തതോടുകൂടി സി.എസ്.ഐ.യിലെ മുഴുവൻ സഭാജനങ്ങളുടെ പ്രയോജനത്തിനായി മിഷണറിമാർ സകല വസ്തുവകകളും സി.എസ്. ഐ.റ്റി.എ. യിലേക്ക് കൈമാറ്റം ചെയ്യുകയാണുണ്ടായത്.

ഒരു സഭ എന്ന നിലയിൽ സി.എസ്.ഐ. യുടെ പേരിൽ ഒരിക്കലും ഒരു വസ്തുവകകളും ഉണ്ടായിട്ടില്ല. ഐക്യത്തിൽ വന്ന മിഷൻ സംഘടനകൾ ഒരിടത്തും, തങ്ങൾ വസ്തുവകകൾ കൈമാറിയ രജിസ്റ്റേർഡ് കമ്പനിയെ സി.എസ്.ഐ. സിനഡ് ഭരിക്കുമെന്നോ, സിനഡിന്റെ നിയമങ്ങളോ ഭാരവാഹികളോ അതിനെ നിയന്ത്രിക്കുമെന്നോ ആവശ്യപ്പെടുകയോ അത്തരം ഉടമ്പടിയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. സി. എസ്.ഐ. എന്ന സഭയ്ക്ക് ഏക ട്രസ്റ്റിയും നിയമപരമായ സംവിധാനവും സി.എസ്.ഐ.റ്റി.എ. മാത്രമാണ്. സാമ്പത്തിക വസ്തുവിനിമയ കാര്യങ്ങളിൽ മഹായിടവകകൾ സി.എസ്.ഐ.റ്റി.എ. യുടെ കീഴ് ഘടകകങ്ങളാണ്; സി.എസ്.ഐ. സഭയുടെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള ചാലക ശക്തിയും, കമ്പനിയുടെ എല്ലാ വിനിമയങ്ങളും മഹായിടവകകളിൽ നേരിട്ട് നടത്താനുള്ള അധികാരിയും സി.എസ്.ഐ.റ്റി.എ. ആണ്.

സി.എസ്.ഐ. ഒരു സഭ ആണ്, ഒരു പ്രത്യേക ലീഗൽ ബോഡി അല്ല. സി.എസ്.ഐ.റ്റി.എ. എന്ന ട്രസ്റ്റ് ആണ് ലീഗൽ ബോഡി. സി.എസ്.ഐയിലെ കാണിക്ക കൊടുക്കുന്ന അംഗങ്ങൾ എല്ലാവരും സി.എസ്.ഐ.റ്റി.എ.യുടെ സ്റ്റേക്ക് ഹോൾഡർമാർ അല്ലെങ്കിൽ ബെനഫിഷ്യറികളാണ്. ബെനഫിഷ്യറികളുടെ ഒരു അസോസിയേഷന് സി.എസ്. ഐ.യുടെയോ സി.എസ്.ഐ.റ്റി.എ.യുടെയോ നടപടികൾ കോടതിയിൽ നിയമപരമായി നേരിടാനാകും. രജിസ്റ്റർ ചെയ്ത തീയതിയിലെ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ ഉൾപ്പെടെ എല്ലാ സ്ഥാവര ജംഗമ സ്വത്തുക്കളുടെയും സമ്പൂർണ്ണ ഉടമസ്ഥാവകാശം സി. എസ്.ഐ.റ്റി.എ.യ്ക്ക് മാത്രമാണ്. സി.എസ്.ഐ.റ്റി.എ. എന്ന കമ്പനിയെ

(ട്രസ്റ്റ് അസോസിയേഷൻ) സി.എസ്.ഐ. സിനഡ് ഹൈജാക്ക് ചെയ്ത ശേഷം, കള്ളന്മാരും ഫ്രാഡുകളും പാസാക്കുന്ന സിനഡ് അമെന്റ്മെന്റുകൾ വച്ച് മോഡറേറ്റർക്കും, ബിഷപ്പുമാർക്കും ചില പ്രെസ്ബിറ്റർമാർക്കും കൊള്ളയടിക്കാനും സ്വന്തം പോക്കറ്റ് നിറയ്ക്കാനും ധൂർത്തടിക്കാനുമുള്ള വേദിയായി മാറിയിരിക്കുന്നു. ഇവരുടെ ക്രിമിനൽ പ്രവർത്തനങ്ങൾക്ക് അധോലോകവുമായും രാഷ്ട്രീയക്കാരുമായുള്ള അവിഹിത കൂട്ടുകെട്ടുമുണ്ട്. പവർ ഓഫ് അറ്റോർണി വ്യാജമായി ഉപയോഗിച്ച് ബിഷപ്പുമാരും സിൽബന്ധികളും സി.എസ്.ഐ.റ്റി.എ. വസ്തുക്കൾ വിറ്റു തുലച്ച് കോടീശ്വരന്മാരാവുന്നു. ഇവർ സഭയെ കൊള്ളയടിക്കുകയാണ്. സി.എസ്.ഐ.റ്റി.എ.യുടെ ഫണ്ടുകൾ മിഷൻ, ചാരിറ്റി എന്നിവയ്ക്ക് ഉപയോഗിക്കുന്നതിനു പകരം ഈ കള്ളന്മാരുടെ പോലീസ്, കോടതി ചെലവുകൾക്കും രാഷ്ട്രീയക്കാർക്കും മറ്റും കോഴ കൊടുക്കുന്നതിനും വിനിയോഗിക്കുന്നു.

## OBITUARY

| Sl No | Family No | Name |
|---|---|---|
| 1 | 4 | Mrs. Daisy Sinha<br>Sruthi, TC 2/2155-10, AN 226, Adarsh Nagar, Pattom, Trivandrum 695004<br>Died on:- 24-09-2022  |
| 2 | 1173 | Mr. Crompton N.<br>Nelli Nilayam, TC 4/2168-3, MRA 22, Marappalam, Pattom, Trivandrum 695004<br>Died on:- 25-09-2022  |
| 3 | 340 | Mrs. Florence Martin Sumanam<br>TC 11/1429, NCRA 104,<br>Nanthencode, YMR Rd.,<br>Trivandrum 695003<br>Died on:- 06-10-2022  |

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Book of Zechariah Chapter 8 to 14, Book of Malachi. Kindly, read these twelve chapters before attempting the quiz. Both Zechariah and Malachi lived centuries before the first coming of Christ when people were on a spiritual decline. It seemed to make more sense to the people to forget God and to pursue the best life possible. Both of them exhorted the people to turn to the Lord in repentance and prophesied about a renewal and judgement which will happen when Christ comes, both the first coming and the second coming.

Please read the questions and the portion more carefully and understand the context. The submitted answers might be accepted based on the difficulty of the question and reference, so everyone is encouraged to go through the answers being published (which is the format in which the answers are expected to be submitted), even though your name might be in the list. Some respondents are sending me whole verse instead of the answer (maybe hoping that the quizmaster will find the answer from the verse) which is not acceptable, because you are expected to read through the portion and find out the answers yourself. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before October 25th through email at churchvoicequiz@gmail.com

*Kindly write your name and time with date of submission on all correspondence. When sending answers as attachments in email, add the details inside the attachment itself. Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.*

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz You can also scan the QR code to go to the link.*

1. On whom will the Lord pour out a spirit of grace and supplication?
2. Who will become like a warrior?
3. How can man rob God?
4. Who will be called the Faithful City?
5. In the reading portion there is a prophecy regarding the triumphant entry of Jesus into Jerusalem. Write down the reference of that verse.
6. Whose inheritance has been left to the desert jackals by the LORD?
7. On which day will all the arrogant and every evildoer be stubble?
8. Which Mount will be split in two from east to west on the day of the LORD?
9. How many pieces of silver were given to Zechariah?
10. With whom did the Lord have a covenant of life and peace?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

*The correct answers to the quiz from Zephaniah 2, 3, Haggai, Zechariah 1 to 7*

1. Zerubbabel (Hag. 2:23)
2. Zechariah (Zec 1:9)
3. Rulers [Judges] (Zep. 3:3)
4. Ashdod (Zep. 2:4)
5. Heldai, Tobijah and Jedaiah (Zec. 6:10)
6. Two (Zec. 4:2,3)
7. Shealtiel (Hag. 1:1)
8. Kislev [Chislev] (Zec. 7:1)
9. Joshua the high priest (Zec. 3:4)
10. Thirty feet long and fifteen feet wide [Length is twenty cubits and Width is ten cubits] (Zec. 5:2)

*List of people who had submitted the right answers - August 2022*

1. Latha Job
2. Sujana Satish
3. Meehal Godwin
4. Helen Saramma E. H.
5. Gladis J.
6. Sarojam T. S.
7. J. Sumangala
8. Jolly David
9. Girly Rajesh John
10. Rajesh John Ross
11. Nesakumari Davidson
12. Soben S. L.
13. Reuben S. L.
14. Anie Reuben

*List of people who got all answer correct except one - August 2022*

1. Chandra John
2. Dora Johnson

*List of people who had submitted the right answers - September 2022*

1. Sujana Satish
2. Gladis J.
3. Latha Job
4. Girly Rajesh John
5. Rajesh John Ross
6. Dora Johnson
7. Jacob J.

*List of people who got all answer correct except one - September 2022*

1. Meehal Godwin
2. Jolly David
3. Nesakumari Davidson
4. Soben S. L.
5. Reuben S. L.
6. Anie Reuben
7. J. Sumangala

## ചർച്ച്വോയ്സ് ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ

ഒക്ടോബർ 2022 – സെഖര്യാവ് 8–14, മലാഖി

എല്ലാമാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനു ശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പി ക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. കൃപയുടെയും യാചനയുടെയും ആത്മാവിനെ യഹോവ ആരുടെയൊക്കെ മേലാണ് പകരുന്നത്?
2. വീരനെപ്പോലെയാകുന്നത് ആര്?
3. ഏതിലാണ് മനുഷ്യൻ ദൈവത്തെ തോല്പിക്കുന്നത്?
4. സത്യനഗരം എന്ന് പേർ പറയുന്നത് ആർക്ക്?
5. യേശുവിന്റെ മഹത്വ പ്രവേശനത്തെക്കുറിച്ച് ഒരു പ്രവചനം വായനാഭാഗത്ത് ഉണ്ട്, ആ വേദഭാഗം ഏത്?
6. ആരുടെ അവകാശത്തെയാണ് യഹോവ മരുഭൂമിയിലെ കുറുനരികൾക്ക് കൊടുത്തിരിക്കുന്നത്?
7. അഹങ്കാരികളൊക്കെയും സകല ദുഷ് പ്രവൃത്തിക്കാരും താളടിയാകുന്നത് ഏതു ദിവസത്തിൽ?
8. യഹോവയുടെ ദിവസത്തിൽ ഏതു മലയാണ് കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകുന്നത്?
9. സെഖര്യാവിന്റെ കൂലിയായി എത്ര വെള്ളിക്കാശാണ് തൂക്കിക്കൊടുത്തത്?
10. ആരോടുള്ള യഹോവയുടെ നിയമമാണ് ജീവനും സമാധാനവുമായിരുന്നത്?

## Helping hand to the needy

| | | |
|---|---|---|
| Remani S. | Educational aid | 3,000 |
| Krishnankutty | Educational aid | 20,000 |
| Shiju | Educational aid | 4,000 |
| Rajeev Kumar | Educational aid | 10,000 |
| Remani N. | Educational aid | 8,000 |
| Sreekala | Medical aid | 10,000 |
| Mohanan | Medical aid | 3,000 |
| Mohandas | Medical aid | 15,000 |
| Jose Sundaram | Medical aid | 3,000 |
| Sincy C. | Poor aid | 5,000 |
| Anu Alex | Poor aid | 5,000 |
| Angastin D. | Poor aid | 5,000 |
| David | Poor aid | 5,000 |
| Thamkappan | Poor aid | 4,000 |
| Leela N. | Housing aid | 35,000 |
| Mithu | Marriage aid | 10,000 |
| Gopika | CEYF Educational aid | 75,000 |
| Jerin Peter | CEYF Educational aid | 40,000 |

## HOW MANY PEOPLE DO WE MEET DAILY?

How many people do we meet daily? Do they know Jesus, the Son of God? What would be their future, if the Lord returned today? Let us not lose the chance of making those we meet aware of the eternal destiny of their soul. Christian friends, no-one should ever be able to say of us: "I have often met him, but he was never interested in the fate of my soul".

King Solomon declared: "He who wins souls is wise" (Proverbs 11:30).

## GREAT COMMISSION AND
## OUR INDIVIDUAL RESPONSIBILITY !

Christ gave the **Great Commission** in the first century to preach the Gospel to every man and every woman (Mt. 28:18-20). The early disciples did their best to evangelize their generation. Down through the centuries, Missionaries have gone all over the world carrying the Gospel and planted Churches in every nation. We are at the final phase of world evangelisation. The harvest is still plenty. The labourers are not sufficient. ‘‘Now is the accepted time! Now is the day of salvation!’’ (2 Cor. 6:2). Christ is delaying His return just in order that everyone may be given sufficient time to repent of his sins and believe on Him for eternal salvation (2 Pet 3:9). Let’s pray more, give more, sacrifice more and labour more to reach the unreached and the unchurched of our generation. In the Olivet Discourse, Jesus assuredly said, ‘‘This Gospel of the Kingdom will be preached in all the world... and then the **end** will come’’ (Mt. 24:14).

## അനുമോദനം

2022 ഡിസംബർ മാസം ആദ്യ ഞായറാഴ്ച നടക്കുന്ന വാർഷിക സ്തോത്ര ആരാധനയിൽ ഈ വർഷം ഔദ്യോഗിക - സാമൂഹിക സേവന മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവർക്കും, വിവിധ ബോർഡ്, യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കും അനുമോദനം നൽകുന്നു. ഇതിന് അർഹരായ സഭാംഗങ്ങൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നവംബർ 13ന് മുമ്പായി ഏൽപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ പുറകിൽ കുടുംബനമ്പർ, മേൽവിലാസം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തണം

**കൂടുതൽ വിവരങ്ങൾക്ക് :**

**ഫോൺ: 9447153170 (ശ്രീ. സാജൻ സാംസൺ)**

*For ever with the LORD*

**Thirty Fifth Death Anniversary**

Called to eternal life on 28-10-1987



# Mr. A. PONNIAH

(Retd. Head Master)

Sharon, A-76

Kanakanagar, Trivandrum-3

Former Sunday School Superintendant,
Deacon and Accountant in MM Church

*Fondly remembered by:*

**Daughter: Mrs. Myrtle Grace Aruldhas**

**Grandchildren: Dr Vinod and Dr Anitha, Dr Manoj and Dr Bini, Dr Ann and Dr Suresh**

**Great grandchildren: Dr Nithin, Dr Cerene, Tina, Dr Zaneta
Dr Juana, Joshua, Tessia, Lydia, Ezekiel**

## SCF Sunday








## Church Choir Outreach


